# കാട്ടിൽ കടവ് പാലം



## സാമൂഹിക ആഘാത പഠനം-

## വിദഗ്ദ്ധ സമിതിയുടെ വിലയിരുത്തൽ റിപ്പോർട്ട്

**കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിൽ ആലപ്പാട്, ആദിനാട് എന്നീ വില്ലേജുകളിൽ ഉൾപ്പെട്ട കാട്ടിൽ കടവ് പാലം നിർമ്മാണ ത്തിനുവേണ്ടിയുള്ള സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട സാമൂഹിക ആഘാത പഠന റിപ്പോർട്ടിൻമേൽ വിദഗ്ദ്ധ സമിതിയുടെ വിലയിരുത്തൽ**

കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി താലൂക്കിലെ ആലപ്പാട്, ആദിനാട് വില്ലേജുകളിൽ ഉൾപ്പെട്ട 28.33 ആർസ് സ്ഥലം ഏറ്റെടുക്കുമ്പോൾ ഉണ്ടാ കാനിടയുള്ള സാമൂഹിക ആഘാതത്തെക്കുറിച്ച് കൊല്ലം ഐഡിയൽ കൺസൾട്ടൻസി എന്ന സ്ഥാപനം തയ്യാറാക്കിയ പഠന റിപ്പോർട്ട് വിലയിരു ത്തുന്നതിനായുള്ള വിദഗ്ദ്ധ സമിതിയെ ബഹു: കൊല്ലം ജില്ലാ കളക്ടറുടെ 04.11.2020-ലെ No.DCKLM/1630/2020-LA3 എന്ന നടപടിക്രമം പ്രകാരം രൂപികരിച്ചു.

വിദഗ്ദ്ധ സമിതി

| | | |
|---|---|---|
| 1. | ശ്രീമതി.പി.ആർ. പ്രബിഷ,<br>അസിസ്റ്റന്റ് എഞ്ചിനീയർ<br>പി.ഡബ്ല്യൂ.ഡി<br>ബ്രിഡ്ജ് സെക്ഷൻ, കരുനാഗപ്പള്ളി | ചെയർമാൻ |
| 2. | ശ്രീ.വി. ജയപ്രകാശ്,<br>ഡെപ്യൂട്ടി കളക്ടർ (റിട്ടയേർഡ്) | അംഗം |
| 3. | ശ്രീ. ജെ. വേണുഗോപാലൻ,<br>തഹസീൽദാർ (റിട്ടയേർഡ്) | അംഗം |
| 4. | ശ്രീ. കെ. എസ്. അജീഷ്,<br>സാമൂഹ്യ ശാസ്ത്രജ്ഞൻ | അംഗം |
| 5. | ശ്രീ. എസ്. ദീപക്,<br>സാമൂഹ്യ ശാസ്ത്രജ്ഞൻ | അംഗം |
| 6. | ശ്രീമതി. ഗേളി ഷൺമുഖൻ,<br>മെമ്പർ, കുലശേഖരപുരം<br>ഗ്രാമപഞ്ചായത്ത് | അംഗം |
| 7. | ശ്രീ. പി. ജയകുമാർ,<br>മെമ്പർ, ആലപ്പാട് ഗ്രാമപഞ്ചായത്ത് | അംഗം |

മേൽ നടപടിക്രമം പ്രകാരം രൂപീകരിച്ച ഈ വിദഗ്ദ്ധ സമിതി 06.11.2020-ൽ കാട്ടിൽ കടവ് പാലം നിർമ്മാണത്തിനായുള്ള പദ്ധതി പ്രദേശം സന്ദർശിക്കുകയും തുടർന്ന് 07.11.2020-ൽ കരുനാഗപ്പള്ളി പി.ഡബ്ല്യൂ.ഡി ബ്രിഡ്ജ് സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസിൽ യോഗം കൂടുകയും സ്ഥല സന്ദർശന വിവര ശേഖരണത്തിന്റേയും സാമൂഹിക ആഘാത പഠന റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ വിശദമായ ചർച്ച നടത്തുകയും ചെയ്തതിന് ശേഷമാണ് ഈ റിപ്പോർട്ട് തയ്യാറാക്കിട്ടുള്ളത്.

വിദഗ്ദ്ധ സമിതിയുടെ അഭിപ്രായങ്ങളും ശുപാർശകളും

1. വളരെ ദീർഘമായ പരിശോധനകൾക്കും നിരീക്ഷണങ്ങൾക്കും ചർച്ചകൾക്കുമൊടുവിൽ താഴെപ്പറയുന്ന അഭിപ്രായങ്ങളും ശുപാർശകളും കൈക്കൊള്ളുകയും ആയത് ഇവിടെ സമർപ്പിക്കുകയും ചെയ്യുന്നു.
   കാട്ടിൽ കടവ് പാലം നിർമ്മാണത്തിനുവേണ്ടി കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിലെ ആലപ്പാട്, ആദിനാട് എന്നീ വില്ലേജുകളിൽ നിന്നുള്ള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013-ലെ RFCT LARR ആക്ട് പ്രകാരം പൊതു ആവശ്യമായി നിർവചിക്കാവുന്നതും ആയതിനാൽ ആലപ്പാട് വില്ലേജിലും ആദിനാട് വില്ലേജിലും ഉൾപ്പെട്ട 28.33 ആർസ് ഭൂമിയാണ് ഏറ്റെടുക്കേണ്ടത് എന്ന് ശുപാർശ ചെയ്യുന്നു.

2. പ്രസ്തുത പദ്ധതിയ്ക്ക് ആവശ്യമായ ഏറ്റവും കുറഞ്ഞ വിസ്തീർണ്ണം മാത്രമേ ഏറ്റെടുക്കുവാനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളു എന്നുള്ളതുകൊണ്ട് സമിതി അത് ശുപാർശ ചെയ്യുന്നു.

3. പ്രസ്തുത പദ്ധതിക്കായി ഈ സ്ഥലമെടുപ്പല്ലാതെ, ബദൽ സ്ഥലമെടുപ്പും പദ്ധതി രേഖയും പ്രായോഗികമല്ലാത്തതാണ്. കാട്ടിൽ കടവ് പ്രദേശത്തും സമീപ പ്രദേശത്തും സുഗമവും നിർവിഘ്നവുമായ ഗതാഗതവും അതിലൂടെ ടി പ്രദേശങ്ങളുടെ വികസനത്തിനും വഴിയൊരുക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിക്കായി ഏറ്റവും അനുയോജ്യമായ സ്ഥലമാണ് ഏറ്റെടുക്കാൻ നിർദ്ദേശിച്ചിട്ടുള്ളതെന്നും ആകയാൽ അത് സമിതി ശുപാർശ ചെയ്യുന്നു.

4. വ്യാപാര സ്ഥാപനവും തൊഴിലും സ്ഥലവും മറ്റും നഷ്ടപ്പെടുന്നവർക്ക് 2013-ലെ RFCT LARR ആക്ട് പ്രകാരമുള്ള പുനരധിവാസ പാക്കേജുകളും അർഹിക്കുന്ന നഷ്ടപരിഹാരവും നൽകി വേണം ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയാക്കേണ്ടത് എന്ന് സമിതി ശുപാർശ ചെയ്യുന്നു.

നിലവിലെ അലൈൻ മെന്റിൽ നിന്നും മാറ്റം വരുത്തുക അസാദ്ധ്യമാണെന്നും മറ്റ് മാർഗ്ഗങ്ങൾ പരിഗണിക്കുക എന്നത് അഭി കാമ്യമല്ലെന്നും ഈ സമിതി ശുപാർശ ചെയ്യുന്നു. ഭൂമി ഏറ്റെടുക്കു വാൻ നിർദ്ദേശിച്ച പഠന ഏജൻസിയുടെ നിഗമനം ശരിയാണെന്നും പദ്ധതി പ്രദേശത്തെ സമഗ്ര വികസനത്തിന് വഴിയൊരുക്കുന്നതാണ് ഈ പദ്ധതിയെന്നും ആകയാൽ പ്രസ്തുത ഭൂമി ഏറ്റെടുക്കാമെന്ന് ഈ വിദഗ്ദ്ധ സമിതി ഒറ്റക്കെട്ടായി അഭിപ്രായപ്പെടുന്നു.

ചെയർമാൻ
വിദഗ്ദ്ധ സമിതി
കാട്ടിൽ കടവ് പാലം